# 67/2025-M

| ചോദ്യ പുസ്തക അക്ഷര കോഡ് | A | ചോദ്യ പുസ്തക ക്രമ നമ്പർ |
|---|---|---|

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 1 മണിക്കൂർ 30 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

DO NOT WRITE HERE

1. വിദ്യാഭ്യാസത്തെ സ്വാധീനിക്കുന്ന സാമൂഹിക ഘടകം ഏത്?

(A) സമസംഘം (B) ആചാരങ്ങൾ

(C) സാങ്കേതിക വിദ്യ (D) സാമൂഹ്യ നിയന്ത്രണം

2. ഔപചാരിക വിദ്യാഭ്യാസത്തിന്റെ പ്രത്യേകത അല്ലാത്തതേത്?

(A) ആസൂത്രിതമായ പഠനരീതി (B) കർക്കശ നിയമങ്ങൾ ഇല്ല

(C) നിശ്ചിതമായ മൂല്യനിർണ്ണയം (D) മുൻകൂട്ടി നിശ്ചയിച്ച പാഠ്യപദ്ധതി

3. പ്രശ്നോന്നീത വിദ്യാഭ്യാസത്തിൽ ഉൾപ്പെടാത്തതേത്?

(A) സർഗാത്മകമായ പങ്കാളിത്തമുള്ള സചേതന വ്യക്തി

(B) വിമർശനപരമായി ചിന്തിക്കുന്നവരാണ് വിദ്യാർത്ഥികൾ എന്നു കാണുന്നു

(C) പഠിതാവ് ലോകത്തിന്റെ കാഴ്ചക്കാരനായി നിലകൊള്ളുന്നു.

(D) സംവാദത്തെ അംഗീകരിക്കുന്നു.

4. വ്യക്തിയുടെ ശാരീരികവും മാനസികവും നൈതികവുമായ വികാസം നേടിയെടുക്കലാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്ന് അഭിപ്രായപ്പെട്ടതാര്?

(A) ഫ്രോബൽ (B) പെസ്റ്റലോസി

(C) ജോൺ ഡ്യൂയി (D) റൂസ്സോ

5. പ്രീസ്കൂളിൽ നിർമ്മാണ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിന്റെ ലക്ഷ്യമെന്ത്?

(A) കലാസ്വാദന ശേഷി വികാസം

(B) സ്വയം ചെയ്യാനുള്ള കഴിവ് വളർത്തൽ

(C) സൂക്ഷ്മ പേശീ വികാസം

(D) ഇവയൊന്നുമല്ല

6. "മനുഷ്യന് അഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ള ഏറ്റവും വിഷമകരമായ പ്രശ്നങ്ങളെ നിഷ്കൃഷ്ടവും ക്രമീകൃതവുമായ രീതിയിൽ അപഗ്രഥിക്കുകയാണ് ദർശനം" എന്നത് ആരുടെ അഭിപ്രായമാണ്?

(A) സോക്രട്ടീസ് (B) ഹെൻഡേഴ്സൺ

(C) ജോൺ അമസ് കൊമേനിയോസ് (D) പ്രൊഫ. ലാറി

7. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സമൂഹത്തിനും വ്യക്തിക്കും പ്രയോജനകരമായ ജീവിതം നയിക്കാനുള്ള കഴിവുകളുടെ ആർജ്ജനമാണ്. അതിനാൽ നിശ്ചിതമായ ലക്ഷ്യങ്ങൾ മുൻകൂട്ടി നിർണ്ണയിക്കുന്നത് ശാസ്ത്രീയമല്ല എന്നത് ഏത് ദാർശനിക ധാരയുമായി ബന്ധപ്പെട്ടതാണ്?

(A) ആശയവാദം (B) പ്രകൃതിവാദം
(C) പ്രായോഗികവാദം (D) മാനവികതാവാദം

8. കേരളത്തിൽ ആധുനിക നഴ്സറി സ്കൂളുകളുടെ പ്രാഗ്രൂപമായി അറിയപ്പെടുന്നവ.

(A) ശിശു ക്ലാസ്സുകൾ (B) പ്രീ - ബേസിക് സ്കൂൾ
(C) ശിശു വിഹാര കേന്ദ്രങ്ങൾ (D) ആശാൻ പാഠശാല

9. ലോകാരോഗ്യ സംഘടന നിലവിൽ വന്നതെപ്പോൾ?

(A) 1948 ഏപ്രിൽ 7
(B) 1947 സെപ്റ്റംബർ 12
(C) 1946 ഡിസംബർ 11
(D) ഇവയൊന്നുമല്ല

10. "അധ്യാപകന്റെ റോൾ ജനാധിപത്യവാദിയായ ഒരു സംഘത്തലവന്റേതാണ്"-ഇത് ഏത് ദർശനവുമായി ബന്ധപ്പെട്ട അധ്യാപക സങ്കൽപ്പമാണ്?

(A) ആശയവാദം
(B) മാനവികതാവാദം
(C) പ്രായോഗിക വാദം
(D) പ്രകൃതിവാദം

11. സമഗ്ര ശിശു വികസനം ലക്ഷ്യമാക്കിയുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതി?

(A) റെഡ്ക്രോസ്
(B) സംയോജിത ശിശു വികസന പദ്ധതി
(C) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യുക്കേഷൻ
(D) ഇവയൊന്നുമല്ല

12. ചുവടെ തന്നിട്ടുള്ളതിൽ ശിശു വിദ്യാഭ്യാസ ഏജൻസി ഏത്?

(A) ബാലവാടി (B) കിന്റർ ഗാർട്ടൺ
(C) വിദ്യാഭ്യാസ വകുപ്പ് (D) ഇവയൊന്നുമല്ല

13. ശിശു ക്ഷേമത്തിനും ശിശു വിദ്യാഭ്യാസത്തിനും മുൻതൂക്കം നൽകുകയും സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങളെ മോണിറ്റർ ചെയ്ത് ധനസഹായം നൽകുന്നതിനും 1953ൽ സ്ഥാപിതമായത്?

(A) ഇന്ത്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫയർ

(B) നാഷണൽ കൗൺസിൽ ഫോർ എഡ്യുക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ്

(C) ഭാരത് സേവക് സമാജ്

(D) സെൻട്രൽ സോഷ്യൽ വെൽഫയർ ബോർഡ്

14. രാഷ്ട്ര പുനർ നിർമ്മാണത്തിനുവേണ്ടി ജനങ്ങളുടെ പ്രവർത്തനശേഷി ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 1952-ൽ സ്ഥാപിതമായ ഒരു സാമൂഹ്യ സംഘടന.

(A) ഇന്ത്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫയർ

(B) സെൻട്രൽ സോഷ്യൽ വെൽഫയർ ബോർഡ്

(C) ഭാരത് സേവക് സമാജ്

(D) അങ്കണവാടികൾ

15. പ്രകൃതി വാദവുമായി ബന്ധപ്പെട്ടതേത്?

(A) അന്വേഷണമാണ് വിജ്ഞാനത്തിന്റെ ഉറവിടം

(B) മനുഷ്യനാണ് സകലതിന്റെയും കേന്ദ്രബിന്ദു

(C) പഞ്ചേന്ദ്രിയങ്ങൾ വിജ്ഞാനാർജ്ജന കവാടങ്ങളാണ്.

(D) മാറ്റമാണ് സ്ഥായിയായ സത്യം, മൂല്യങ്ങളും മാറ്റവിധേയമാണ്.

16. ചാതുർവർണ്യ സമ്പ്രദായം ഏത് വിദ്യാഭ്യാസ സമ്പ്രദായവുമായി ബന്ധപ്പെട്ടതാണ്?

(A) വേദകാല വിദ്യാഭ്യാസം
(B) ബ്രാഹ്മണി വിദ്യാഭ്യാസം
(C) ബുദ്ധമത വിദ്യാഭ്യാസം
(D) മധ്യകാല വിദ്യാഭ്യാസം

17. അന്തർ ദേശീയ വിദ്യാഭ്യാസ ഏജൻസി അല്ലാത്തതേത്?

(A) CSWB
(B) CARE
(C) UNICEF
(D) UNESCO

18. സാമൂഹ്യ ശുചിത്വവുമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ കാണിക്കുന്നതേത്?
    (A) ഉദാസീനമായ മാലിന്യ നിക്ഷേപം
    (B) ചപ്പുചവറുകൾ നിറഞ്ഞ നിരത്തുകൾ
    (C) ദുർഗ്ഗന്ധ പൂരിതമായ ഓടകൾ
    (D) മുകളിൽ പറഞ്ഞവയെല്ലാം

19. ജനസംഖ്യയും ആരോഗ്യവുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയല്ലാത്തതേത്?
    (A) കൂടുതൽ പ്രസവം അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യത്തെ ബാധിക്കുന്നു.
    (B) കൂടുതൽ അംഗസംഖ്യയുള്ള വീട്ടിൽ വേണ്ടത്ര ശ്രദ്ധയും പരിചരണവും ലഭിക്കുന്നു.
    (C) ജനസംഖ്യാ പെരുപ്പം സാമൂഹ്യ ശുചിത്വത്തേയും ആരോഗ്യ സംരക്ഷണത്തെയും ബാധിക്കുന്നു.
    (D) മുകളിൽ തന്നിട്ടുള്ളവയെല്ലാം

20. അങ്കണവാടികൾ ഏത് വിദ്യാഭ്യാസ ഏജൻസിയുടെ ഭാഗമാണ്?
    (A) വിദ്യാഭ്യാസ വകുപ്പ്
    (B) സാമൂഹ്യ ക്ഷേമ വകുപ്പ്
    (C) പട്ടികവർഗ ക്ഷേമ വകുപ്പ്
    (D) ഗ്രാമവികസന വകുപ്പ്

21. ശാരീരികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കാത്തതേത്?
    (A) ശുചിത്വമില്ലായ്മ
    (B) അന്തരീക്ഷ മലിനീകരണം
    (C) അനാരോഗ്യകരമായ ശീലങ്ങൾ
    (D) രോഗാണുക്കളെ ചെറുത്തു നിൽക്കാനുള്ള ശരീരത്തിന്റെ ശേഷി

22. NCTE ഒരു സ്റ്റാറ്റ്യൂട്ടറി സമിതിയായി നിലവിൽ വന്നതെപ്പോൾ?
    (A) 1973
    (B) 1993
    (C) 1995
    (D) ഇവയൊന്നുമല്ല

23. പൂർണ ആരോഗ്യമുള്ള കുട്ടിയുമായി ബന്ധപ്പെട്ട പ്രസ്താവനകൾ ശ്രദ്ധിക്കുക.

(i) ശാരീരികാരോഗ്യത്തോടൊപ്പം മാനസിക വളർച്ചയും മാനസികാരോഗ്യവും പ്രായാനുസൃതം ഉണ്ടാകണം.

(ii) ശിശുക്കൾ ആരോഗ്യമുള്ളവരായിരിക്കുവാൻ അമ്മയുടെ ആരോഗ്യം നിലനിർത്തേണ്ടത് അത്യാവശ്യമാണ്.

ഇവയിൽ ശരിയായതേത്?

(A) (i) മാത്രം
(B) (ii) മാത്രം
(C) (i) & (ii) ശരിയാണ്
(D) ഇവയൊന്നുമല്ല

24. 4 വയസ്സുള്ള പെൺകുട്ടിയുടെ ശരാശരി തൂക്കവും ഉയരവും.

(A) 16.12 കി.ഗ്രാം, 104.70 സെ.മീ.
(B) 15.85 കി.ഗ്രാം, 104.19 സെ.മീ.
(C) 15.85 കി.ഗ്രാം, 104.70 സെ.മീ.
(D) 16.12 കി.ഗ്രാം, 104.19 സെ.മീ.

25. വ്യക്തി ശുചിത്വത്തിൽ ഉൾപ്പെടാത്തതേത്?

(A) വൃത്തിയുള്ള വസ്ത്രധാരണം
(B) പ്ലാസ്റ്റിക്ക് മലിനീകരണം
(C) വൃത്തിയുള്ള ശുചിമുറി ഉപയോഗിക്കുന്നത്
(D) കൃത്യസമയത്തുള്ള കുളി

26. വായുവിലൂടെ പകരുന്ന രോഗമേത്?

(A) പോളിയോ
(B) മഞ്ഞപ്പിത്തം
(C) മുണ്ടിനീര്
(D) വിരബാധ

27. കട്ട പിടിച്ച രക്തത്തിലെ പ്രോട്ടീൻ ഏത്?

(A) ഫൈബ്രിൻ
(B) മയോസിൻ
(C) സിറം ആൽബുമിൻ
(D) ജെലാറ്റിൻ

28. പ്രസ്താവനകൾ ശ്രദ്ധിക്കൂ.

(i) ആർജിത പ്രതിരോധ ശേഷി രോഗശമനത്തെ തുടർന്നേ നിലവിൽ വരികയുള്ളൂ.

(ii) കൃത്രിമ രോഗ പ്രതിരോധ ശേഷി ഉണ്ടാക്കുന്ന പ്രക്രിയയാണ് രോഗപ്രതിരോധ വത്കരണം.

(iii) ദുർബല രൂപത്തിലുള്ള രോഗാണുക്കൾ അടങ്ങിയ ദ്രാവകമാണ് വാക്സിൻ.

(A) (i) & (ii) ശരിയാണ്
(B) (i), (ii) & (iii) ശരിയാണ്
(C) (iii) മാത്രം ശരിയാണ്
(D) ഇവയൊന്നുമല്ല

29. ''Pedagogics of Kindergarten" എഴുതിയതാര്?

(A) ഹെൻറിച്ച് പെസ്റ്റലോസി

(B) ഫ്രെഡറിക് ഫ്രോബൽ

(C) മരിയ മോണ്ടിസോറി

(D) മാക്മില്ലൻ സഹോദരിമാർ

30. ലോകാരോഗ്യ സംഘടനയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടാത്തതേത്?

(A) ശിശുക്കളുടെ ആരോഗ്യത്തിനും മാനസിക വികാസത്തിനും വേണ്ടി പ്രവർത്തിക്കുന്നു.

(B) അധ്യാപക പരിശീലന പരിപാടികൾ ആവിഷ്കരിക്കുന്നു.

(C) ആരോഗ്യ രംഗത്ത് ഗവേഷണം നടത്തുന്നു.

(D) ശിശുക്കളുടെ ആരോഗ്യം നിലനിർത്തുന്നതിനുള്ള പോഷകാഹാരം നൽകുന്നു.

31. ചെറിയ കുട്ടികൾ ക്രയോൺ, പെൻസിൽ എന്നിവ ഉപയോഗിച്ച് വരകൾ, വട്ടം എന്നിവ വരയ്ക്കുന്നത് ഏത് വികാസത്തെ സൂചിപ്പിക്കുന്നു.

(A) സ്ഥൂല പേശി വികാസം

(B) സൂക്ഷ്മപേശീ വികാസം

(C) ഭാഷാ വികാസം

(D) സാമൂഹിക വികാസം

32. മൂന്നു വയസ്സുള്ള കുട്ടിക്ക് കൈവിരലുകൾ കൃത്യതയോടെയും സൂക്ഷ്മതയോടെയും വേഗത്തിലും പ്രവർത്തിപ്പിക്കാൻ കഴിയുന്നത് എന്തിനെ സൂചിപ്പിക്കുന്നു?

(A) ചിത്രം വരയ്ക്കുന്നതിനുള്ള കഴിവിനെ

(B) സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള കഴിവിനെ

(C) വളർച്ചയെ

(D) വികാസത്തെ

33. ശിശുവികാസത്തെ സംബന്ധിച്ച് താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയല്ലാത്ത പ്രസ്താവന ഏത്?

(A) വികാസം സഞ്ചിത സ്വഭാവമുള്ളതാണ്.

(B) വികാസം പ്രവചനാതീതമാണ്.

(C) വികാസം പരിവക്വനത്തെയും പഠനത്തെയും ആശ്രയിച്ചിരിക്കുന്നു.

(D) വികാസം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

34. പിയാഷയുടെ സിദ്ധാന്തം അനുസരിച്ച് വൈജ്ഞാനിക ഘടനയിലേക്ക് പുതിയ സ്കീമകൾ കൂട്ടിച്ചേർത്തോ നിലവിലുള്ള സ്കീമകൾക്ക് പരിവർത്തനം നടത്തിയോ പ്രശ്നങ്ങളെ പരിഹരിക്കുന്നത് ഏതു പേരിൽ അറിയപ്പെടുന്നു?

(A) സംസ്ഥാപനം
(B) അനുരൂപീകരണം
(C) സ്വാംശീകരണം
(D) സംയോജനം

35. അമൂർത്ത പ്രശ്നങ്ങളെ യുക്തിപൂർവ്വം പരിഹരിക്കുന്ന കുട്ടി ഏത് വൈജ്ഞാനിക വികാസ ഘട്ടത്തിലാണ്?

(A) ഔപചാരിക മനോവ്യാപാരഘട്ടം
(B) മൂർത്ത മനോവ്യാപാരഘട്ടം
(C) പ്രാഗ് മനോ വ്യാപാരഘട്ടം
(D) ഇന്ദ്രിയ ചാലക ഘട്ടം

36. ജനിതകമായി ലഭിക്കുന്നതും സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾക്കനുസരിച്ച് രൂപം കൊള്ളുകയോ, രൂപഭേദം സംഭവിക്കുകയോ ചെയ്യുന്നതുമായ സവിശേഷകങ്ങൾ ചേർന്നതാണ് വ്യക്തിത്വം എന്ന് അഭിപ്രായപ്പെട്ടത് ആരാണ്?

(A) കാൾ റോജേഴ്സ്
(B) അബ്രഹാം മാസ്‌ലോ
(C) ആൽപ്പോർട്ട്
(D) സിഗ്മണ്ട് ഫ്രോയ്ഡ്

37. പ്രീപ്രൈമറി ക്ലാസുകളിൽ തീം അടിസ്ഥാനമാക്കിയുള്ള പഠനരീതി തെരഞ്ഞെടുത്തത് ഏത് മനശാസ്ത്ര സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലാണ്?

(A) സാമൂഹിക പഠന സിദ്ധാന്തം
(B) മനോവിശ്ലേഷണ സിദ്ധാന്തം
(C) ചേഷ്ടാ വാദം
(D) ഗസ്റ്റാൾട്ട് മനശാസ്ത്രം

38. പല വസ്തുക്കളുടെയും ചിത്രങ്ങളുടെ കൂട്ടത്തിൽ നിന്നും വീടിന്റെ ചിത്രം ഏതെന്ന് ചോദിച്ചാൽ ശരിയായി ചൂണ്ടിക്കാണിക്കുന്ന കുട്ടി വൈജ്ഞാനിക വികാസത്തിന്റെ ഏത് ഘട്ടത്തിലാണ്?

(A) പ്രതിരൂപാത്മക ഘട്ടം
(B) പ്രവർത്തനഘട്ടം
(C) ബിംബനഘട്ടം
(D) ഇതൊന്നുമല്ല

39. താഴെക്കൊടുത്തിരിക്കുന്നതിൽ ഏത് പഠനരീതിയാണ് അനുബന്ധനത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തിയിട്ടുള്ളത്?

(A) കളി രീതി
(B) ചിത്ര-പദ കാർഡ് സംയോജന രീതി
(C) ഉദ്ഗ്രഥിത പഠനരീതി
(D) കണ്ടെത്തൽ പഠന രീതി

40. പരസ്പരബന്ധം കണ്ടെത്തൽ, പ്രശ്നം പരിഹരിക്കൽ, അറിവുകൾ സ്വയം പരിശോധിച്ച് ബോധ്യപ്പെടൽ എന്നീ കഴിവുകൾ കൂടുതൽ ഉള്ള കുട്ടിയിൽ ബഹുമുഖ ബുദ്ധിയുടെ ഏത് ഘടകമാണ് ഉയർന്നു നിൽക്കുന്നത്?

(A) ആന്തരികവൈയക്തിക ബുദ്ധി
(B) ഭാഷാപരമായ ബുദ്ധി
(C) വ്യക്ത്യാന്തര ബുദ്ധി
(D) യുക്തിചിന്താപരവും ഗണിതപരവുമായ ബുദ്ധി

41. 'നിരീക്ഷണത്തിലൂടെയും അനുകരണത്തിലൂടെയും ആണ് കുട്ടികൾ പല പെരുമാറ്റ രീതികളും ശീലങ്ങളും സ്വായത്തമാക്കുന്നത്.' ഏതു പഠനസിദ്ധാന്തമാണ് ഈ പ്രസ്താവനയുമായി യോജിക്കുന്നത്?

(A) അന്തർദൃഷ്ടി പഠന സിദ്ധാന്തം
(B) സാമൂഹിക പഠന സിദ്ധാന്തം
(C) സഹവർത്തിത പഠന സിദ്ധാന്തം
(D) സാംസ്കാരിക പഠന സിദ്ധാന്തം

42. ക്ലാസ്സ് മുറിയിൽ നേരിടുന്ന വിവിധ പഠന പ്രശ്നങ്ങൾ ശാസ്ത്രീയമായി അപഗ്രഥിച്ച് പരിഹാരം കാണുന്നതിനുള്ള പ്രവർത്തനം ഏതു പേരിൽ അറിയപ്പെടുന്നു ?

(A) പരീക്ഷണരീതി
(B) ഗവേഷണ രീതി
(C) ക്രിയാഗവേഷണം
(D) കെയ്സ് സ്റ്റഡി

43. NIPUN Bharat പദ്ധതിയുടെ പ്രധാന ലക്ഷ്യം താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതാണ്?

(A) പ്രായത്തിന് അനുയോജ്യമായ പഠന നേട്ടങ്ങൾ ആർജിക്കുക.
(B) അടിസ്ഥാന സാക്ഷരതയും സംഖ്യാബോധവും ആർജിക്കുക.
(C) മാനസികാരോഗ്യവും ശാരീരികാരോഗ്യവും ഉറപ്പു വരുത്തുക.
(D) എല്ലാ കുട്ടികൾക്കും രോഗപ്രതിരോധ കുത്തിവെപ്പുകൾ എടുത്തു എന്ന് ഉറപ്പു വരുത്തുക.

44. താഴെ കൊടുത്തിരിക്കുന്നവയിൽ കേരള പ്രീസ്കൂൾ പാഠ്യപദ്ധതിയുടെ സവിശേഷത അല്ലാത്തത് ഏത്?

(A) പ്രീസ്കൂൾ കുടുംബ സമ്പ്രദായത്തിന്റെ അനുബന്ധമായിരിക്കണം

(B) പഠനരീതി കളി രീതിയായിരിക്കണം

(C) ഔപചാരിക പരീക്ഷ രീതികൾ ഉണ്ടായിരിക്കണം.

(D) മൂന്ന് വയസ്സ് മുതൽ ആറു വയസ്സു വരെയുള്ള പ്രായഘട്ടത്തെ പ്രീ സ്കൂൾ പ്രായമായി കണക്കാക്കുന്നു.

45. പ്രീ സ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം എന്താണ്?

(A) ശാരീരികവും ബൗദ്ധികവും മാനസികവുമായി വികാസത്തിന് അടിത്തറയിടുക.

(B) ഔപചാരിക വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള മുന്നൊരുക്കം

(C) ജോലിയുള്ള രക്ഷിതാക്കളുടെ മക്കൾക്ക് സുരക്ഷിതമായ ഒരു ഇടം ഒരുക്കുക.

(D) ഇതൊന്നുമല്ല.

46. പ്രീ സ്കൂൾ കുട്ടികളുടെ വിലയിരുത്തലിന് ഏറ്റവും അനുയോജ്യമായ രീതി ഏതാണ്?

(A) എഴുത്ത് പരീക്ഷ (B) ഇന്റർവ്യൂ

(C) നിരീക്ഷണം (D) ചെക്ക് ലിസ്റ്റ്

47. ഒന്നാം ക്ലാസ്സ് പഠനത്തിനുവേണ്ടി കുട്ടികളെ ഒരുക്കുന്നതിന് NCERT തയ്യാറാക്കിയ പഠനസാമഗ്രി ഏതാണ്?

(A) ജ്ഞാനപ്രവേശ് (B) വിദ്യാപ്രവേശ്

(C) ദിക്ഷ (D) പ്രവേശിക

48. കേന്ദ്രാവിഷ്കൃത പദ്ധതിയായ 'NISHTHA' യുടെ പ്രധാന ലക്ഷ്യം എന്താണ്?

(A) അധ്യാപക ശാക്തീകരണം

(B) പഠന വിഭവങ്ങളുടെ രൂപീകരണം

(C) ഭൗതിക സാഹചര്യങ്ങളുടെ വികസനം

(D) നിരന്തര വിലയിരുത്തൽ

49. പ്രീ സ്കൂൾ അധ്യാപകർക്കായി 2017ൽ SCERT, കേരളം തയ്യാറാക്കിയ അധ്യാപക സഹായി ഏതാണ്?

(A) കളിത്തോണി (B) കളിപ്പെട്ടി

(C) മഴവില്ല് (D) കളിപ്പാട്ടം

50. “പ്രശിക്ഷ 2020”ന്റെ പ്രധാന ലക്ഷ്യം എന്തായിരുന്നു?

(A) പ്രീ സ്കൂൾ പഠന വിഭവങ്ങളുടെ രൂപീകരണം

(B) പ്രീ സ്കൂൾ പാഠ്യപദ്ധതി രൂപീകരണം

(C) പ്രീ സ്കൂൾ അധ്യാപക പരിശീലനം

(D) പ്രീ സ്കൂൾ അവസ്ഥാ പഠനം

51. താഴെ കൊടുത്തിരിക്കുന്നവയിൽ മൂന്നു വയസ്സുള്ള കുട്ടിയുടെ പ്രാഗ് ഗണിത ശേഷിയെ സൂചിപ്പിക്കുന്നത് ഏതാണ്?

(A) അക്കങ്ങൾ എഴുതുന്നത്

(B) സംഖ്യകൾ വായിക്കുന്നത്

(C) ഗണിത പാട്ടുകൾ പാടുന്നത്

(D) വലുത്, ചെറുത് തിരിച്ചറിയുന്നത്

52. ശൈശവകാല പരിചരണത്തിനും വികാസത്തിനും വേണ്ടിയുള്ള കേന്ദ്ര പാഠ്യപദ്ധതി ചട്ടക്കൂട് ഏതാണ്?

(A) NEP for Foundational Stage 2020

(B) NCF for Foundational Stage 2022

(C) NCF for Pre School Stage 2021

(D) ഇതൊന്നുമല്ല.

53. “കളി മാത്രമാണ് മനുഷ്യന്റെ കുട്ടിക്കാലത്തുള്ള വികാസത്തിന്റെ ഏറ്റവും ഉയർന്ന പ്രകടിത രൂപം. കാരണം കളി മാത്രമാണ് കുട്ടിയുടെ ആത്മാവിൽ ഉള്ളതിനെ സ്വതന്ത്രമായി പ്രകടിപ്പിക്കുന്നത്”. ആരുടേതാണ് ഈ വാക്കുകൾ?

(A) മഹാത്മാഗാന്ധി

(B) മരിയ മോണ്ടിസോറി

(C) ഫെഡറിക് ഫ്രോബൽ

(D) റൂസ്സോ

54. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ ക്രമം പാലിക്കുന്നത് ഏതാണ്?

(A) വിദ്യാഭ്യാസലക്ഷ്യങ്ങൾ → പാഠ്യപദ്ധതി ലക്ഷ്യങ്ങൾ → ശേഷികൾ → പഠനോദ്ദേശ്യങ്ങൾ.

(B) വിദ്യാഭ്യാസലക്ഷ്യങ്ങൾ → പഠനോദ്ദേശ്യങ്ങൾ → പാഠ്യപദ്ധതി ലക്ഷ്യങ്ങൾ → ശേഷികൾ.

(C) പഠനോദ്ദേശ്യങ്ങൾ → ശേഷികൾ → വിദ്യാഭ്യാസ ലക്ഷ്യങ്ങൾ → പാഠ്യപദ്ധതി ലക്ഷ്യങ്ങൾ.

(D) പാഠ്യപദ്ധതി ലക്ഷ്യങ്ങൾ → വിദ്യാഭ്യാസ ലക്ഷ്യങ്ങൾ → പഠനോദ്ദേശ്യങ്ങൾ → ശേഷികൾ.

55. താഴെ കൊടുത്തവയിൽ രക്ഷാകർത്തൃത്വത്തിന്റെ (Parenting) പരിധിയിൽ ഉൾപ്പെടുന്നത് ഏത്?

(A) അച്ഛൻ (B) ബന്ധുക്കൾ

(C) അയൽക്കാർ (D) ഇവയെല്ലാം

56. കുട്ടികളുടെ ശേഷികളെയും നൈപുണികളെയും ആഴത്തിൽ അളക്കാൻ സാധിക്കുന്ന വിലയിരുത്തൽ രീതി ഏതാണ്?

(A) പരിമാണാത്മക വിലയിരുത്തൽ (Quantitative assessment)

(B) ബാഹ്യവിലയിരുത്തൽ (External assessment)

(C) ടേം വിലയിരുത്തൽ (Term assessment)

(D) ഗുണാത്മക വിലയിരുത്തൽ (Qualitative assessment)

57. "മഴവില്ലിനോടൊപ്പം കുതിച്ചുയരുന്ന ബാലമനസ്സ് യഥാർത്ഥ കവിതയുടെ എല്ലാ വികാരങ്ങളും പങ്കിടും. വായനക്കാരിൽ വച്ചേറ്റവും പെട്ടെന്ന് വികാരഭരിതരാകുന്നതും ഇക്കൂട്ടരാണ്" - എന്ന് അഭിപ്രായപ്പെട്ടതാരാണ്?

(A) സുഗതകുമാരി

(B) ഡി. സുജാത ദേവി

(C) രാജലക്ഷ്മി മുരളീധരൻ

(D) സുമംഗല

58. ഒരു പ്രീ സ്കൂളിന് അംഗീകാരം ലഭിക്കണമെങ്കിൽ അധ്യാപക വിദ്യാർത്ഥി അനുപാതം എത്ര ആയി നിജപ്പെടുത്തണം?

(A) 1:15

(B) 1:25

(C) 1:35

(D) 1:40

59. പ്രീ സ്കൂൾ പാഠ്യപദ്ധതി രൂപീകരിക്കുന്നതിനും പരിശീലന കാര്യങ്ങൾ നിശ്ചയിക്കുന്നതിനുമുള്ള അക്കാദമിക ചുമതല ഏത് ഏജൻസിക്കാണ് നൽകിയിരിക്കുന്നത്?

(A) സമഗ്ര ശിക്ഷ കേരളം (SSK)

(B) എസ് സി ഇ ആർ ടി കേരളം (SCERT)

(C) ഡയറ്റ് കേരളം (DIET)

(D) ശൈശവകാല പരിചരണ വിദ്യാഭ്യാസ കേന്ദ്രം (ECCE)

60. താഴെ കൊടുത്തിരിക്കുന്നവയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുത്തെഴുതുക.

(A) വിദ്യാലയ മാപ്പിങ്

(B) ശിശുക്കളുടെ സ്ഥിതിവിവരക്കണക്കുകൾ

(C) പ്രീ സ്കൂൾ അംഗീകാരം

(D) അയൽപക്ക വിദ്യാലയം

61. താഴെ കൊടുത്തവയിൽ കേന്ദ്രാവിഷ്കൃത പദ്ധതി അല്ലാത്തത് ഏത്?

(A) ഐ സി ഡി എസ് (ICDS)

(B) എൻ ആർ എച്ച് എം (NRHM)

(C) എസ് പി എ സി (SPAC)

(D) എൻ പി എ ജി - ഐ സി പി എസ് (NPAG-ICPS)

62. താഴെ കൊടുത്തവയിൽ പ്രീ സ്കൂൾ രക്ഷാകർതൃപരിശീലനത്തിൽ ഉൾപ്പെടുത്തേണ്ട ആശയങ്ങൾ മാത്രം തെരഞ്ഞെടുത്തെഴുതുക.

(i) കുട്ടികളുടെ റോൾ മോഡൽ ആയി രക്ഷിതാവ് മാറേണ്ടതിന്റെ അനിവാര്യത ബോധ്യപ്പെടുത്തുക.

(ii) വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പരിഗണന സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തത നേടുക.

(iii) ബാലാവകാശങ്ങളെ കുറിച്ചും നിലനിൽക്കുന്ന നിയമവ്യവസ്ഥയെ സംബന്ധിച്ചും സംവിധാനങ്ങളെ കുറിച്ചുമുള്ള ധാരണ മെച്ചപ്പെടുത്തുക.

(iv) കുട്ടികളെ നിരന്തരമായി വിലയിരുത്തി മറ്റു കുട്ടികളുടെ മികവുമായി ബന്ധപ്പെടുത്തി പരിശോധിക്കുന്ന പ്രക്രിയയിൽ രക്ഷിതാവ് എന്ന നിലയിൽ തന്റെ റോൾ തിരിച്ചറിയുക.

(A) (iv), (iii), (i) എന്നീ ആശയങ്ങൾ

(B) (iii), (i), (ii) എന്നീ ആശയങ്ങൾ

(C) (iii), (iv), (ii) എന്നീ ആശയങ്ങൾ

(D) മുകളിൽ കൊടുത്ത എല്ലാ ആശയങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

63. പൊതു വിദ്യാഭ്യാസ വകുപ്പ് സമഗ്ര ശിക്ഷ കേരളം സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഉടനീളം പ്രീ പ്രൈമറി സ്കൂളുകളിൽ പൂർത്തിയാക്കി വരുന്ന വർണ്ണക്കൂടാരം പദ്ധതിയിൽ കുട്ടിയുടെ സർവ്വതോന്മുഖ വികാസത്തിനു സഹായിക്കുന്ന എത്ര പ്രവർത്തന ഇടങ്ങളാണ് (Activity areas) ഓരോ സ്കൂളിലും സജ്ജീകരിച്ചിട്ടുള്ളത്?

(A) 3 പ്രവർത്തന ഇടങ്ങൾ

(B) 13 പ്രവർത്തന ഇടങ്ങൾ

(C) 23 പ്രവർത്തന ഇടങ്ങൾ

(D) 33 പ്രവർത്തന ഇടങ്ങൾ

64. താഴെ കൊടുത്തവയിൽ പ്രീ സ്കൂൾ വിലയിരുത്തൽ തന്ത്രങ്ങളിൽ പെടാത്തത് തെരഞ്ഞെടുത്തെഴുതുക.

(A) ഔപചാരിക സംഭാഷണം

(B) നിരീക്ഷണം

(C) പ്രകടന വിലയിരുത്തൽ

(D) പോർട്ട് ഫോളിയോ വിലയിരുത്തൽ

65. ഓരോ കുട്ടിയുടെയും മികവും കഴിവും നേട്ടവും പോരായ്മയും കണ്ടും മനസ്സിലാക്കിയും കൈത്താങ്ങു നൽകിയും അധ്യാപിക പഠിതാവിനെ വിലയിരുത്തുന്ന രീതി ഏതാണ്?

(A) വ്യക്തിഗത വിലയിരുത്തൽ

(B) സ്വയം വിലയിരുത്തൽ

(C) പരസ്പര വിലയിരുത്തൽ

(D) നിരന്തര വിലയിരുത്തൽ

66. പ്രീ സ്കൂൾ വിലയിരുത്തലുമായി ബന്ധപ്പെട്ട തന്റെ കണ്ടെത്തലുകൾ ടീച്ചർ ആരോടാണ് പങ്കു വെക്കേണ്ടി വരിക?

(A) രക്ഷിതാക്കളോട്

(B) സ്കൂൾ സഹായസമിതിയോട്

(C) ആരോഗ്യ പ്രവർത്തകരോട്

(D) മേൽസൂചിപ്പിച്ചവരോടെല്ലാം

67. പ്രീ സ്കൂൾ വർക്ക് ഷീറ്റിലെ 'പൂമ്പാറ്റയെ വരയ്ക്കാം' എന്ന പ്രവർത്തനം ഏതൊക്കെ വികാസ മേഖലകളെ പരിഗണിക്കുന്നുണ്ട്?

(A) വൈജ്ഞാനിക വികാസം-സർഗാത്മക സൗന്ദര്യാത്മക വികാസം

(B) സാമൂഹിക വൈകാരിക വികാസം - വൈജ്ഞാനിക വികാസം

(C) ഭാഷാവികാസം-ശാരീരിക ചാലകവികാസം

(D) സർഗാത്മക സൗന്ദര്യാത്മക വികാസം-സാമൂഹിക വൈകാരിക വികാസം

68. പ്രീ സ്കൂളിൽ ഓരോ കഥാവതരണത്തിനു ശേഷവും കുട്ടികളുടെ ഭാഷാപരമായ വികാസം വിലയിരുത്തുന്നത് എങ്ങനെയൊക്കെ ആകാം?

അനുയോജ്യമല്ലാത്തത് തെരഞ്ഞെടുത്തെഴുതുക.

(A) ചുരുങ്ങിയ വാക്യങ്ങളിൽ കഥ പറയുന്നുണ്ടോ?

(B) ആദ്യാവസാനം കഥ അവതരിപ്പിക്കുന്നുണ്ടോ?

(C) കുട്ടികൾ സ്വന്തമായി കഥ എഴുതുന്നുണ്ടോ?

(D) കഥാപാത്രങ്ങളുടെ പേരുകൾ ഓർത്തു പറയുന്നുണ്ടോ?

69. വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരം കേരള സർക്കാർ ഒന്നാം ക്ലാസ്സിൽ കുട്ടികൾക്ക് പ്രവേശനത്തിന് എത്ര വയസ്സാണ് നിശ്ചയിച്ചിരിക്കുന്നത്?

(A) 5 വയസ്സ്

(B) 6 വയസ്സ്

(C) 7 വയസ്സ്

(D) മേൽപറഞ്ഞവ എല്ലാം

70. ഒരു പ്രീ സ്കൂൾ വിദ്യാർത്ഥി തന്റെ ശാരീരിക മാനസികാവശ്യങ്ങൾ പൂർത്തീകരിച്ച് സന്തോഷത്തിലേക്ക് എത്തിച്ചേരണമെങ്കിൽ അവന്റെ കുടുംബാന്തരീക്ഷം എപ്രകാരം നിലനിറുത്തണം? അനുയോജ്യമല്ലാത്ത പ്രസ്താവന തെരഞ്ഞെടുത്തെഴുതുക.

(A) കുടുംബാന്തരീക്ഷത്തിലെ നിബന്ധനകൾക്കനുസരിച്ചുള്ള സ്നേഹവും താൽപര്യവും

(B) കുടുംബാന്തരീക്ഷത്തിലെ സന്തോഷവും യോജിപ്പും

(C) കുടുംബാന്തരീക്ഷത്തിലെ സത്യസന്ധതയും സുതാര്യതയും

(D) കുടുംബാന്തരീക്ഷത്തിലെ പരസ്പര ബഹുമാനം

71. താഴെ കൊടുത്തവയിൽ പ്രീ സ്കൂളിലെ വിലയിരുത്തൽ ലക്ഷ്യങ്ങളിൽ പെടാത്തത് തെരഞ്ഞെടുത്തെഴുതുക.

(A) പഠനപ്രക്രിയയിൽ കുട്ടികളുടെ സജീവമായ പങ്കാളിത്തവും പ്രോത്സാഹനവും ഉറപ്പു വരുത്തുക.

(B) തങ്ങളുടെ കുട്ടികളുടെ കഴിവും പരിമിതികളും സംബന്ധിച്ച് രക്ഷിതാക്കൾക്ക് ഫീഡ്ബാക്ക് നൽകുക.

(C) ഓരോ കുട്ടിയുടെയും വ്യക്തിപരമായ സവിശേഷതയും കഴിവും തിരിച്ചറിയുക.

(D) ഓരോ കുട്ടിയേയും വിലയിരുത്തി ഗ്രേഡ് ചെയ്യുക.

72. താഴെ കൊടുത്തവയിൽ പ്രീ സ്കൂൾ കുട്ടികളുടെ ആവശ്യങ്ങളുടെ പ്രത്യേകതകളിൽ പെടാത്തത് തെരഞ്ഞെടുത്തെഴുതുക.

(A) നിരീക്ഷിക്കാനും പരീക്ഷണങ്ങളിൽ ഏർപ്പെടാനും വെല്ലുവിളികൾ ഏറ്റെടുക്കുവാനുള്ള സ്വാതന്ത്ര്യം കുട്ടി ആഗ്രഹിക്കുന്നു.

(B) കൂട്ടായ്മയുടെ ലോകം സൃഷ്ടിക്കുന്നതിന് സ്വയം വഴങ്ങിക്കൊടുക്കാൻ കുട്ടികൾ സന്നദ്ധരാകുന്നു.

(C) ഓരോ കുട്ടിയും വ്യക്തിപരമായ നേട്ടങ്ങൾക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണനയും പരിഗണനയും നൽകുന്നു.

(D) മറ്റുള്ളവരെ കേൾക്കാനും പങ്കുവെക്കാനും കൂട്ടുകാരുടെ അവസ്ഥകളുമായി താദാത്മ്യം പ്രാപിക്കാനും കുട്ടി ആഗ്രഹിക്കുന്നു

73. പ്രീ സ്കൂൾ തലത്തിൽ ശിശുപ്രകൃതത്തിന്റെ പ്രധാനപ്പെട്ട സവിശേഷത താഴെ കൊടുത്തവയിൽ നിന്നും തെരഞ്ഞെടുത്തെഴുതുക.

(A) ശ്രദ്ധാദൈർഘ്യം കുറവ്

(B) അളവറ്റ ജിജ്ഞാസ

(C) അനുകരണ ശീലം

(D) മേൽസൂചിപ്പിച്ചവ എല്ലാം

74. ടീച്ചിംഗ് മാനുവലിൽ ''വ്യക്തിഗത പഠന പദ്ധതി'' (Individualized Learning Plan - ILP) ഉൾപ്പെടുത്തുന്നതിന്റെ ലക്ഷ്യം എന്താണ്?

(A) എല്ലാ കുട്ടികൾക്കും ഒരേപോലെയുള്ള പഠനം ഉറപ്പാക്കുക

(B) കൂടുതൽ സമയം പഠിക്കാൻ കഴിവുള്ള കുട്ടികളെ മാത്രം ശ്രദ്ധിക്കുക

(C) പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികളുടെ താൽപ്പര്യങ്ങൾക്കും കഴിവുകൾക്കും അനുസൃതമായ പഠനം നൽകുക

(D) പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കൂടുതൽ ശ്രദ്ധിക്കുക

75. പ്രതിദിന, പ്രതിമാസ, വാർഷിക, ആസൂത്രണങ്ങൾ തമ്മിലുള്ള പ്രധാന വ്യത്യാസം എന്താണ്?

(A) ലക്ഷ്യങ്ങളുടെ വ്യാപ്തിയിലും സമയപരിധിയിലുമുള്ള വ്യത്യാസം

(B) ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങളുടെ എണ്ണത്തിലുള്ള വ്യത്യാസം

(C) ആസൂത്രണം എഴുതി രേഖപ്പെടുത്താൻ ഉപയോഗിക്കുന്ന ഭാഷയിലുള്ള വ്യത്യാസം

(D) കാര്യമായ വ്യത്യാസങ്ങളില്ല

76. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2024ലെ ബാലസാഹിത്യ പുരസ്കാരം കവിതാ വിഭാഗത്തിൽ ലഭിച്ച കൃതി ഏതാണ്?

(A) കുട്ടികളുടെ എഴുത്തച്ഛൻ

(B) ബൂതം

(C) സാക്ഷി

(D) പൂമാല

77. പ്രീ-സ്കൂളിലെ പ്രവർത്തന ഇടങ്ങളുടെ ഫലപ്രദമായ ഉപയോഗം അധ്യാപികയെ എങ്ങനെ സഹായിക്കുന്നു?

(A) അധ്യാപികയ്ക്ക് കൂടുതൽ സമയം വിശ്രമിക്കാൻ അവസരം ലഭിക്കുന്നു.

(B) രക്ഷിതാക്കൾക്ക് അധ്യാപികയെകുറിച്ചും സ്കൂളിനെക്കുറിച്ചും നല്ല അഭിപ്രായം ഉണ്ടാക്കാൻ സഹായിക്കുന്നു.

(C) ക്ലാസ് റൂം കൂടുതൽ ആകർഷകമാക്കാൻ സാധിക്കുന്നു

(D) ഓരോ കുട്ടിയുടെയും പഠന പുരോഗതി നിരീക്ഷിക്കാനും വ്യക്തിഗത ശ്രദ്ധ നൽകാനും സാധിക്കുന്നു.

78. പ്രീ-സ്കൂൾ പഠനത്തിൽ ദൃശ്യശ്രാവ്യ മാധ്യമങ്ങൾ ഉപയോഗിക്കുന്നതിന്റെ പ്രധാന ലക്ഷ്യം എന്തായിരിക്കണം?

(A) ഏറ്റവും പുതിയ സാങ്കേതികവിദ്യ കുട്ടികളെ പരിചയപ്പെടുത്തുക

(B) അധ്യാപികയുടെ ജോലിഭാരം ദൃശ്യശ്രാവ്യ മാധ്യമങ്ങൾ ഉപയോഗിച്ച് ലഘൂകരിക്കുക

(C) പഠന പ്രക്രിയയെ കൂടുതൽ ആകർഷകവും സംവേദനാത്മകവും ഫലപ്രദവുമാക്കുക

(D) കുട്ടികളുടെ ശ്രദ്ധ കൂടുതൽ നേരം ദൃശ്യമാധ്യമ സ്ക്രീനിലേക്ക് മാറ്റുക.

79. ശിശുവിനു ലഭിക്കേണ്ട പഠനാനുഭവങ്ങൾ ഉചിതമായ ചില വിഷയങ്ങൾ കേന്ദ്രീകരിച്ച് കുട്ടിക്ക് സുപരിചിതമായ ചുറ്റുപാടിന്റെയും അറിവിന്റെയും പരിധിക്കുള്ളിൽ നിന്നു കൊണ്ട് ആസൂത്രണം ചെയ്യുന്ന പ്രക്രിയയ്ക്ക് പറയുന്ന പേര് എന്ത്?

(A) സമഗ്രാസൂത്രണം

(B) ദൈനംദിനാസൂത്രണം

(C) വ്യക്തിഗത ആസൂത്രണം

(D) തീം ആസൂത്രണം

80. 'പാട്ടുപാടി കളിക്കൽ' എന്ന പ്രീ സ്കൂൾ പ്രവർത്തനം ഏതു വികാസ മേഖലയുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്?

(A) ഭാഷാ വികാസം

(B) സാമൂഹിക-വൈകാരിക വികാസം

(C) ശാരീരിക-ചാലക വികാസം

(D) വൈജ്ഞാനിക വികാസം

81. താഴെ കൊടുത്തവയിൽ പ്രകൃതി നടത്തം കൊണ്ടുള്ള പ്രയോജനങ്ങളിൽ പെടാത്തത് തെരഞ്ഞെടുത്തെഴുതുക.

(A) സൂക്ഷ്മമായ നിരീക്ഷണ ശേഷി

(B) കണ്ടകാര്യങ്ങൾ പറയാനുള്ള ശേഷി

(C) അനുഭവങ്ങൾ വിവരിക്കാനുള്ള ശേഷി

(D) പ്രഭാഷണം നടത്താനുള്ള ശേഷി

82. താഴെ കൊടുത്തവയിൽ കാഴ്ചപരിമിതി അനുഭവിക്കുന്ന കുട്ടികൾക്ക് പ്രയോജനപ്പെടുന്ന സോഫ്റ്റ് വെയർ തെരഞ്ഞെടുത്തെഴുതുക?

(A) സംസാരിക്കുന്ന കാര്യങ്ങൾ തത്സമയം ടെക്സ്റ്റ് രൂപത്തിലേക്ക് മാറ്റുന്ന സോഫ്റ്റ് വെയറുകൾ (Speech to text)

(B) ചിത്രങ്ങളും ആംഗ്യഭാഷാ വീഡിയോകളും ഉപയോഗിച്ച് ആശയവിനിമയം നടത്താൻ സഹായിക്കുന്ന സോഫ്റ്റ്‌വെയറുകൾ (Visual communication Software)

(C) സ്ക്രീൻ റീഡർ സോഫ്റ്റ് വെയറുകൾ (Screen reader software)

(D) ശബ്ദം ഉപയോഗിച്ച് കമ്പ്യൂട്ടറിനെ നിയന്ത്രിക്കാനും ടെക്സ്റ്റ് ടൈപ്പ് ചെയ്യാനും സഹായിക്കുന്നു (Voice recognition software)

83. താഴെ കൊടുത്തവയിൽ സൂക്ഷ്മപേശീ വികാസവുമായി ബന്ധപ്പെട്ട പ്രവർത്തനം തെരഞ്ഞെടുത്തെഴുതുക.

(A) പാറ്റേൺ തയ്യാറാക്കൽ

(B) പ്രകൃതി യാത്ര

(C) പാവകളി

(D) സൈക്ലിങ്

84. മാർബിളിങ് എന്ന ചിത്ര രചന സങ്കേതത്തിന് ഉപയോഗിക്കുന്ന സാമഗ്രി ഏതാണ്?

(A) വാട്ടർ കളർ
(B) ക്രയോൺസ്
(C) കളർ പെൻസിൽ
(D) ഇനാമൽ പെയിന്റ്

85. തീമുകൾ പരിഗണിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്? അനുയോജ്യമല്ലാത്തത് തെരഞ്ഞെടുത്തെഴുതുക.

(A) തീമുകളുടെ പരസ്പര ബന്ധം പരിഗണിച്ച് അനുഭവങ്ങൾ നൽകണം.
(B) തീമുകൾ കുട്ടിയെ ഔപചാരിക പഠന തലത്തിലേക്ക് നയിക്കുന്നതാകണം.
(C) തീമുകൾ കാലാവസ്ഥയ്ക്കും പ്രാദേശിക പ്രത്യേകതകൾക്കും അനുസരിച്ച് ക്രമപ്പെടുത്തണം.
(D) തീമുകൾ കുട്ടിയുടെ വിവിധ വികാസ മേഖലകളുടെ വികാസത്തിന് അനുയോജ്യമായ വിധം ആസൂത്രണം ചെയ്യണം.

86. 'ചെറിയ കുട്ടികളെ സംബന്ധിച്ചിടത്തോളം അവർ സ്വാഭാവികമായി ഏർപ്പെടുന്ന ഏതൊരു പ്രവർത്തനവും കളി തന്നെയാണ്' - എന്ന് അഭിപ്രായപ്പെട്ടത് ആര്?

(A) ഗാന്ധിജി
(B) ഫ്രോബൽ
(C) സ്വാമി വിവേകാനന്ദൻ
(D) മരിയ മോണ്ടിസോറി

87. പാവകളി സ്ക്രിപ്റ്റ് തയ്യാറാക്കുമ്പോഴും അവതരിപ്പിക്കുമ്പോഴും ടീച്ചറുടെ മനസ്സിൽ ഉണ്ടായിരിക്കേണ്ട പ്രധാന സംഗതികൾ ഏതൊക്കെയാണ്? അനുയോജ്യമല്ലാത്തത് തെരഞ്ഞെടുത്തെഴുതുക.

(A) കഥാപാത്രങ്ങളുടെ ചലനം
(B) അനുയോജ്യമായ പശ്ചാത്തലം
(C) ആസ്വാദകരുടെ പ്രതികരണം
(D) സംഭാഷണത്തിലെ ശബ്ദവ്യത്യാസം

88. രക്തത്തിലെ അരുണരക്താണുക്കളിലെ ഹീമോഗ്ലോബിൻ നിർമ്മാണത്തിന് അനിവാര്യമായ ധാതുലവണം ഏത്?

(A) കാൽസ്യം
(B) മഗ്നീഷ്യം
(C) ഇരുമ്പ്
(D) പൊട്ടാസ്യം

89. ചുവടെ തന്നിരിക്കുന്ന പോഷക ഘടകങ്ങളിൽ ശരീര വളർച്ചയെ പ്രധാനമായും സഹായിക്കുന്നത് ഏത്?

(A) പ്രോട്ടീൻ
(B) കൊഴുപ്പ്
(C) വിറ്റാമിനുകൾ
(D) അന്നജം

90. ചെറിയ മുറിവുണ്ടായാൽ പോലും നിലയ്ക്കാത്ത രക്തസ്രാവമുണ്ടാകുന്ന ഒരു കുട്ടിയുടെ ഭക്ഷണത്തിൽ ഏത് വിറ്റാമിൻ കൂടുതൽ ഉൾപ്പെടുത്തണമെന്നാകും ഡോക്ടർ നിർദ്ദേശിക്കുന്നത്?

(A) വിറ്റാമിൻ A
(B) വിറ്റാമിൻ C
(C) വിറ്റാമിൻ E
(D) വിറ്റാമിൻ K

91. മനുഷ്യ ശരീരത്തിലെ ഏതു ഗ്രന്ഥിയുടെ പ്രവർത്തനം തകരാറിലാകുമ്പോഴാണ് പ്രമേഹം എന്ന രോഗാവസ്ഥയുണ്ടാകുന്നത്?

(A) ആഗ്നേയ ഗ്രന്ഥി
(B) പീയുഷ ഗ്രന്ഥി
(C) തൈറോയിഡ് ഗ്രന്ഥി
(D) അഡ്രീനൽ ഗ്രന്ഥി

92. താഴെക്കൊടുത്തിരിക്കുന്നവയിൽ അപര്യാപ്തതാരോഗം ഏതാണ്?

(A) മലേറിയ
(B) മരാസ്മസ്
(C) അർബുദം
(D) മഞ്ഞപ്പിത്തം

93. കുട്ടികളിലെ പൊണ്ണത്തടിക്ക് കാരണമാകുന്ന ഘടകങ്ങൾ ഏതെല്ലാം?

i) വ്യായാമമില്ലായ്മ
ii) സമീകൃതാഹാരം
iii) ഉയർന്ന കൊഴുപ്പും പഞ്ചസാരയുമടങ്ങിയ ആഹാരം
iv) ആഹാരത്തിലെ പോഷകക്കുറവ്

(A) i, ii, iii
(B) ii, iii
(C) i, iii
(D) i, iii, iv

94. ദീർഘകാല അന്താരാഷ്ട്ര വികസന പദ്ധതികളിലൂടെ അടിയന്തര സഹായം, ദാരിദ്ര്യനിർമാർജനം, സാമൂഹികനീതി കൈവരിക്കൽ എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന അന്തർദേശീയ മാനുഷിക സംഘടന ഏത്?

(A) UNESCO
(B) UNICEF
(C) WHO
(D) CARE

95. ഒരു പ്രീസ്കൂളിന്റെ ഭൗതികാന്തരീക്ഷത്തിൽ ഉൾപ്പെടാത്തത് ഏത്?

(A) തണൽ മരങ്ങൾ, പൂന്തോട്ടം, ചുറ്റുമതിൽ
(B) ആകർഷകമായ ചിത്രങ്ങൾ കൊണ്ടലങ്കരിച്ച ഭിത്തികൾ
(C) എല്ലാ കുട്ടികൾക്കും ചോദ്യം ചോദിക്കാനുള്ള അവസരം, പ്രവർത്തനങ്ങളിലെ പങ്കാളിത്തം
(D) കളിയുപകരണങ്ങൾ, ചിത്രപുസ്തകങ്ങൾ, ചിത്രക്കാർഡുകൾ

96. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പഠന സമീപനങ്ങളിലും പഠനരീതികളിലും കാലികവും മൗലികവുമായ മാറ്റങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ നിലവിലുള്ള അധ്യാപകരെ വളരാനും ശാക്തീകരിക്കാനും സഹായിക്കുന്ന പരിവർത്തനാത്മക പരിപാടി ഏത്?

(A) ഇൻഡക്ഷൻ പരിശീലനം
(B) സേവന പൂർവ പരിശീലനം
(C) സംയോജിത പരിപാടികൾ
(D) സേവനകാല പരിശീലനം

97. സൂക്ഷ്മപേശീ വികാസത്തിനും ഭാവന വികസിപ്പിക്കുന്നതിനും ദൃശ്യസ്ഥലപരമായ ബുദ്ധിവികാസം സാധ്യമാകുന്നതിനും പ്രീസ്കൂളിൽ ഒരുക്കേണ്ട പ്രവർത്തന ഇടം ഏത്?

(A) ഹരിതയിടം
(B) ഗണിതയിടം
(C) വരയിടം
(D) ഭാഷായിടം

98. അധ്യാപക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും ഭൗതിക നിലവാരവും നിലനിർത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ദേശീയതല ഏജൻസി ഏത്?

(A) ICCW
(B) NCTE
(C) CBSE
(D) NCERT

99. പ്രീ പ്രൈമറി രംഗത്ത് അന്താരാഷ്ട്ര നിലവാരമുള്ള പഠന സൗകര്യം ഒരുക്കുന്നതിനായി സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി പതിമൂന്ന് പ്രവർത്തന ഇടങ്ങൾ സജ്ജമാക്കിക്കൊണ്ട് കേരളത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി ഏത്?

(A) വർണക്കൂടാരം
(B) കളിപ്പാട്ടം
(C) കിളിക്കൊഞ്ചൽ
(D) കളിത്തോണി

100. പ്രീസ്കൂൾ ക്ലാസ് അന്തരീക്ഷത്തിന്റെ സവിശേഷതയുമായി യോജിക്കാത്ത പ്രസ്താവന ഏത്?

(A) സ്വതന്ത്രമായും ഭയരഹിതമായും പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ലഭ്യമാക്കൽ.

(B) കുട്ടികളുടെ പഠനനിലവാരം താരതമ്യം ചെയ്ത് പറയൽ.

(C) ഓരോ കുട്ടിയുടെയും രചനകൾ, നിർമ്മാണങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ.

(D) നിരീക്ഷണത്തിനും അന്വേഷണത്തിനുമുള്ള വിവിധ സന്ദർഭങ്ങൾ ഒരുക്കൽ.

## SPACE FOR ROUGH WORK

SPACE FOR ROUGH WORK